<u>താത്പര്യപത്രം ക്ഷണിക്കുന്നു</u>

കേരളത്തിൽ കുട്ടികൾക്ക് നേരെ വർദ്ധിച്ചുവരുന്ന ലൈംഗികാതിക്രമങ്ങൾക്കെതിരെ പ്രതിരോധം സൃഷ്ടിക്കുന്നതിലേക്ക് പൊതുജനങ്ങളിൽ അവബോധം വളർത്തുവാനായി പോക്സോ റൂൾസ് 2020 ലെ 3 (2) പ്രകാരം പൊതു ഇടങ്ങളിലും സ്വകാര്യ ഇടങ്ങളിലും പ്രദർശിപ്പിക്കുന്നതിലേക്ക് ഹ്രസ്വ ചിത്രങ്ങൾ നിർമിക്കുന്നു.

20-02-24 ലെ GO(MS) No. 4/2024/I&PRD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സിനിമ ശാലകളിൽ ഉൾപ്പെടെ പ്രദർശിപ്പിക്കാൻ സാധിക്കുന്നതും, മികച്ച കണ്ടന്റോടും, ഉന്നത ഗുണനിലവാരത്തോടും കൂടിയതും 2 മിനിറ്റോ അതിൽ താഴെയോ ദൈർഘ്യമുള്ളതായ ഹ്രസ്വചിത്ര നിർമ്മാണത്തിനായി (3 എണ്ണം) അംഗീകൃത എംപാനൽഡ് ഏജൻസികളിൽ നിന്നും താത്പര്യപത്രം ക്ഷണിക്കുന്നു. കുട്ടികളുടെ സുരക്ഷിതത്വത്തിനായി അവർ സ്വയം മനസ്സിലാക്കേണ്ടതും രക്ഷിതാക്കൾ അറിഞ്ഞിരിക്കേണ്ടതുമായ കാര്യങ്ങൾ, അതിക്രമങ്ങൾ നേരിടേണ്ട മാർഗ്ഗങ്ങൾ, റിപ്പോർട്ടിംഗ് സംവിധാനങ്ങൾ തുടങ്ങിയ മേഖലകളിൽ വ്യക്തമായ സ്ക്രിപ്റ്റോടെ പൊതുജനത്തെ ആകർഷിക്കുന്ന തരത്തിലായിരിക്കണം ഹ്രസ്വചിത്രം നിർമ്മിക്കേണ്ടത്.

- കത്ത് തീയതി മുതൽ അപേക്ഷകൾ സ്വീകരിക്കുന്നതാണ്
- അപേക്ഷകൾ സമർപ്പിക്കുന്ന സീൽ ചെയ്ത കവറിനു പുറത്ത് വിഷയം സംബന്ധിച്ച വിവരം നിർബന്ധമായും രേഖപ്പെടുത്തിയിരിക്കണം.
- ഇമെയിൽ മുഖേനയുള്ള അപേക്ഷ സമർപ്പണം ഒഴിവാക്കി ഫിസിക്കലായി മാത്രം അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്.
- അപേക്ഷകൾ തുറന്നു പരിശോധിക്കുന്നതു ........20.11.25.......... തീയതിയിൽ രാവിലെ ..11 മണിക്കാണ്.
- സമർപ്പിക്കപ്പെടുന്ന അപേക്ഷകളിൽ ചുവടെ ചേർക്കും പ്രകാരമുള്ള വിവരങ്ങൾ ഉൾക്കൊള്ളിക്കേണ്ടതാണ്.
- ഏജൻസിയെ സംബന്ധിക്കുന്ന ലഘുവിവരണം
- ഏജൻസിയുടെ കഴിഞ്ഞ മൂന്നുവർഷത്തെ ഓഡിറ്റഡ് സ്റ്റേറ്റ്മെന്റ്
- പ്രതീക്ഷിക്കുന്ന ചെലവ് (15 ലക്ഷം * 3 എണ്ണം = ആകെ 45 ലക്ഷത്തിനകത്ത് നിജപ്പെടുത്തേണ്ടതാണ്.
- തയ്യാറാക്കാനുദ്ദേശിക്കുന്ന ഹ്രസ്വ വീഡിയോകളുടെ തീം (3 എണ്ണം)

അപേക്ഷകൾ ........19...11...25...... വൈകുന്നേരം 5 മണിക്ക് മുമ്പ് സ്റ്റേറ്റ് കോ-ഓർഡിനേറ്റർ, സ്റ്റേറ്റ് നിർഭയസെൽ, പൂജപ്പുര, തിരുവനന്തപുരം – 695 012 എന്ന മേൽവിലാസത്തിൽ സമർപ്പിക്കേണ്ടതാണ്. നിശ്ചയിച്ചിട്ടുള്ള സമയ പരിധിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.